Draft #8 of File 17482/AC A10-4/2026/FO SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 25-May-2026 03:41 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

പി .എച്ച്. ഡി .പ്രോഗ്രാം - 24.04.2026 തീയതിയിലെ, നമ്പർ -17482/AC 10-4/2026 /FO SECTION സർവകലാശാല സർക്കുലർ താത്കാലികമായി പിൻവലിക്കുന്നത് സംബന്ധിച്ച് -സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 5259/AC A 10/2026/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 25.05.2026

---

*പരാമർശം:*-1. സർക്കുലർ നമ്പർ 17482/AC A10-4/2026/FO SECTION , തീയതി 24.04.2026
2. 20.05.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ. എ .11/26.06

**ഉത്തരവ്**

2025-26 വർഷത്തെ OFFICE OF THE ACCOUNTANT GENERAL (AUDIT) -ന്റെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വിരമിച്ച ഗവേഷണ മാർഗദർശികളുടെ കീഴിൽ ഗവേഷണം തുടരുന്നത് UGC ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് ഓഡിറ്റ് പാർട്ടി തടസ്സവാദം ഉന്നയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, സേവനത്തിൽ നിന്നും വിരമിച്ചതിന് ശേഷം ഗവേഷണ മാർഗദർശികളായി തുടരുന്ന അദ്ധ്യാപകർ തങ്ങളുടെ കീഴിൽ ഗവേഷണം തുടരുന്ന ഗവേഷക / ഗവേഷകൻ / ഗവേഷകർ - ക്ക് അനുയോജ്യരായ മറ്റൊരു മാർഗദർശിയെ നിർദ്ദേശിക്കണമെന്നും സഹമാർഗദർശികളായി തുടരാൻ താല്പര്യമുള്ള 70 വയസിൽ താഴെ പ്രായമുള്ള നിലവിലെ മാർഗദർശികൾ പ്രസ്തുത വിവരം കൂടി അടിയന്തരമായി സർവ്വകലാശാലയെ അറിയിക്കണമെന്നും പരാമർശം (1) പ്രകാരം മാർഗദർശികൾക്കു അറിയിപ്പ് നൽകിയിരുന്നു.

മേൽ സർക്കുലർ സംബന്ധിച്ച് MGUTA, AKRSA എന്നീ സംഘടനകൾ സമർപ്പിച്ച പരാതിയിന്മേൽ 20.05.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, പരാമർശം (2) പ്രകാരം, **24.04.2026 തീയതിയിലെ നമ്പർ -17482/AC 10-4/2026 /FO SECTION സർവകലാശാല സർക്കുലർ താത്കാലികമായി പിൻവലിക്കുന്നതിനും, ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനു ശേഷം പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്-ചാൻസലറുടെ പി. എസ്. / റിസേർച് ഡയറക്ടർ
2. രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി. എ. മാർ
3. എല്ലാ സർവകലാശാലാ പഠന വകുപ്പുകൾ/സ്കൂളുകൾ/സെന്ററുകൾ എന്നിവയുടെ ഡയറക്ടർമാർ
4. എല്ലാ ഗവേഷണ കേന്ദ്രങ്ങളുടെയും പ്രിൻസിപ്പൽ/ഗവേഷണ കേന്ദ്ര മേധാവിമാർ
5. റെക്കോർഡ്സ് / എ.സി.സി. 1/ പി.ആർ.ഓ. / ഐ.ടി. സെൽ സെക്ഷനുകൾ
6. AR IV (Acad), DR I (Acad ), JR II (Admn)
7. Ac A II, VI, XI, XIII, XIV, XV സെക്ഷനുകൾ
8. സ്റ്റോക്ക് ഫയൽ / ഫയൽ നം. 17482/AC A10-4/2026/ FO SECTION

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

The document is digitally approved. Hence signature is not needed.